

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വേങ്ങൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി2-262/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/04/2023
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി2-262/23

തീയ്യതി: 13/04/2023

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബിന്ദു എസ്. നായർ	ഡെപ്യൂട്ടി ഡയറക്ടർ	20-02-2023	28-02-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-02-2023	28-02-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ. വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ വിജു എം.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ സന്തോഷ് കുമാർ എം.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ് ടി.എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ശില്പ സുധീഷ്	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ. എൻ.എം.മോഹനൻ	സെക്രട്ടറി	01-04-2021	09-07-2021
ശ്രീ. എം.എം. അന്ത്രു	സെക്രട്ടറി	10-07-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എൻ.എ.സുരേഷ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	31-03-2022

ശ്രീ. സുഭാഷ് ജി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	31-03-2022
ശ്രീമതി. റഫീന ബീവി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
ശ്രീ, നിതീഷ്ബാബു.എം	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീ. പ്രശോഭ് കെ.പി.	വി.ഇ.ഒ.(വേങ്ങൂർ)	01-04-2021	31-03-2022
ശ്രീ.ഗിരീഷ് നായക്	വി.ഇ.ഒ. (കൊമ്പനാട്)	01-04-2021	09-11-2021
ശ്രീ. പ്രശോഭ് കെ.പി.	വി.ഇ.ഒ. (കൊമ്പനാട്) ഫുൾ ചാർജ്	10-11-2021	31-03-2022
ഡോ.എൽദോ പി വർഗ്ഗീസ്	വെറ്ററിനറി സർജൻ	01-04-2021	07-05-2021
ഡോ.ജെസ്സി	വെറ്ററിനറി സർജൻ	08-05-2021	09-07-2021
ഡോ.എഡിസൺ മാത്യൂ	വെറ്ററിനറി സർജൻ	10-07-2021	31-03-2022
ശ്രീമതി. സരള.കെ.യു	ഹെഡ് മിസ്ട്രസ് ,GLPS വേങ്ങൂർ	01-04-2021	31-03-2022
ശ്രീമതി. രമ്യ കെ.എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2021	31-03-2022
ഡോ. ഇ.സൈനബ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	01-04-2021	28-02-2022
ഡോ.ആനന്ദ് സെബാസ്റ്റ്യൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	01-03-2022	31-03-2022
ഡോ.ലത.പി.കെ.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2021	31-03-2022

.

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ	1-2-1
3	വാർഷിക ധനകാര്യപത്രിക	1-2
4	സാമ്പത്തിക വിശകലനം	1-3
5	ഫണ്ട് വിനിയോഗം	1-4
6	പദ്ധതി അവലോകനം.	1-5
7	തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമ പദ്ധതികൾ	1-7
9	ക്യാഷ് വെരിഫിക്കേഷൻ	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
12	വസ്തുനികുതി നിർണ്ണയം അപാകത	1-11
13	മൊബൈൽ ടവറിന്റെ വസ്തുനികുതി	1-12
14	തൊഴിൽനികുതി	1-13
15	രസീത് ബുക്ക് ഹാജരാക്കിയില്ല	1-14
16	സാക്ഷരത പ്രേരക്കിന് ഓണറേറിയം	1-15
17	നായകൾക്ക് ലൈസൻസ്	1-16
18	ചെലവ് രേഖകൾ ഹാജരാക്കിയില്ല	1-17
19	വാഹന സൂക്ഷിപ്പ്	1-18
20	പൊതുടാപ്പുകളുടെ വെള്ളക്കരം	1-19
21	ഓഫീസിലെ ഹാൾ നവീകരണം	1-20
22	തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - അപാകതകൾ.	1-21
23	മരുന്ന് ലഭ്യമായില്ല.	1-22
24	കന്നുകുട്ടി പരിപാലനം - തുക തിരികെ ലഭിച്ചിട്ടില്ല..	1-23
25	നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.	1-24
26	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.	1-25
27	ജൈവകൃഷി വികസനം - വളം വാങ്ങൽ - അധിക തുക അനുവദിച്ചു	1-26
28	കേര സംരക്ഷണ പദ്ധതി --അപാകങ്ങൾ	1-27

29	യഥാർത്ഥ ബിൽ ഹാജരാക്കിയില്ല.	1-28
30	പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.	1-29
31	വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താവിന് തുക അധികം നൽകി.	1-30
32	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-31
33	പൊങ്ങൻ ചുവട് കോളനി മെഡിക്കൽ ക്യാമ്പ് -അപാകതകൾ	1-32
34	സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനക്കായി ഹാജരാക്കിയില്ല.	1-33
35	ബഡ്സ് സ്കൂൾ ജീവനക്കാരുടെ സേവനം - കരാറിൽ ഏർപ്പെട്ടിട്ടില്ല.	1-34
36	ലേലം - വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-35
37	മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ.	1-36
38	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അങ്കണവാടി നിർമ്മാണം- വിവരങ്ങൾ ലഭ്യമാക്കിയില്ല	1-37
39	ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകയുടെ വിശദ വിവരം ലഭ്യമല്ല	1-38
40	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല	1-39
41	ഓഡിറ്റ് ഇംപാക്ട് - പുലച്ചിറ നവീകരണം - ഉയർന്ന നിരക്കിൽ നൽകിയ ജി.എസ്.ടി. തുക തിരിച്ചടച്ചു.	1-40
42	ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.	1-41
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കേര സംരക്ഷണ പദ്ധതി - അപാകതകൾ	3-1
2	ജൈവകൃഷി വികസനം - വളം വാങ്ങൽ - അധിക തുക അനുവദിച്ചു	3-2
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ	4-4

5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കു ഭരണ സമിതിയുടെ 20.02.2021ലെ 1(1) നമ്പർ തീരുമാനപ്രകാ അംഗീകരിച്ചു. പരിഷ്ക്കരിച്ച ബജറ്റ് ഭരണ സമിതിയുടെ 28.02.2023 ല പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ

	ബജറ്റ് പ്രകാരം	യഥാർത്ഥ വരവ് -ചെലവ്
മുൻബാക്കി	3647993	24810919
വരവ്	231205000	117106310
ആകെ	234852993	141917229
ചെലവ്	233054220	109936762
നീക്കി ബാക്കി	1798773	31980467

മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ക യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാ

1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ ക അപാകതകൾ

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്ത ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാ കൊടുക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളു ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങ (എഫ്). ILGMS- സോഫ്റ്റ് വെയറിന്റെ ഈ പോരയ്മ ഇൻഫോർമേഷൻ അറിയിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചു.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increa Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7169548/-രൂപയാണ്. പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6268021/- രൂപയാണ്. അ അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മ തുകകൾ പൊരുത്തപ്പെടുന്നില്ല. സാംഖ്യാ സോഫ്റ്റ് വെയറിന്റെ ഇൻഫോർമേഷൻ കേരളമിഷനെ അറിയിച്ചിട്ടുള്ളതാണ് എന്ന് അറിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് ILGMS- സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നത നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം ആകെ ഇൻകം 1 , ആകെ ചെലവ് 196181667/-(I-18, I-19 പ്രകാരമുള്ള പ്രയർ പ ഉൾപെടുത്താതെയുള്ള ചെലവ്) രൂപയും ഷെഡ്യൂൾ I-18, I-19 പ്രകാര 469099/- രൂപയുമാണ്. ഇത്തരത്തിൽ ആകെ നെറ്റ് ലോസ്സ് (Deficit) -47490 + 469099 – 196181667) എന്നതിന് പകരം -56886114/-രൂപ എന്ന് കാണിച്ചിരി ലഭ്യമായ ഡാറ്റയാണ് ഇത് എന്ന മറുപടി തൃപ്തികരമല്ല. ക്യാ &എക്സ്പെൻഡിച്ചർ അക്കൗണ്ട് ILGMS- സോഫ്റ്റ് വെയറിൽ ല ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ബി 1 ഷെഡ്യൂൾ (പഞ്ചായത്ത് ഫണ്ട്) പത്രി ധനകാര്യപത്രികയോടൊപ്പം ലഭ്യമാക്കിയില്ല. ILGMS-ൽ ബി 1 ഷെ

ലഭ്യമല്ല എന്ന മറുപടി തൃപ്തികരമല്ല. ILGMS- സോഫ്റ്റ് വെയറിൽ പത്രിക ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട

5. കേരള വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കുടിശ്ശിക ധനക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. കുടിശ്ശികയായ 59116385/- രൂ ജോയിന്റ് വെരിഫിക്കേഷൻ നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചു. ത സ്വീകരിച്ച് അറിയിക്കേണ്ടതാണ്

6) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ലഭിക്കേണ്ട തുക ഡിമാന്റ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്), അദർ (അരിയർ) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തിയ തുക പരിശോധിച്ച് അറിയിക്കേണ്ടതാണ്

7) വസ്തു നികുതിയുടെ ഡിമാന്റ് തുകകൾ സഞ്ചയ ഡിസി അനുസരിച്ചുള്ള തുകകളാണ് വാർഷിക ധനകാര്യപത്രികയിൽ ചേ എങ്കിലും ഇതിന് അടിസ്ഥാനമായ ഡി.സി.ബി. സ്റ്റേറ്റ്മ സാക്ഷ്യപ്പെടുത്തി കൃത്യത ഉറപ്പു വരുത്തുന്നില്ല. വസ്തുനികുതി ഇന പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ ചെല്വായി രേഖ കാണുന്നു. 2020-21 ധനകാര്യ പത്രിക പ്രകാരമുള്ള വർഷത്തെ കുടി രേഖപ്പെടുത്തിയ കുടിശ്ശികയുമായി പൊരുത്തപ്പെടുന്നില്ല. പ്യൂരിഫിക്കേഷൻ വഴി സംഭവിക്കുന്ന വ്യത്യാസം മൂലമാണ് ഇത്തര ഉണ്ടാകുന്നത എന്ന മറുപടി തൃപ്തികരമല്ല. ഇത്തരം വ്യത്യാസം പത്രികകൾ കൃത്യത ഉറപ്പുവരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേ കെട്ടിടങ്ങളുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിൽ വ്യത്യാസം ഉണ്ടായ വിശദാംശങ്ങൾ അടക്കം അറിയിക്കേണ്ടതുമാണ്.

8) ബാലൻസ് ഷീറ്റ് ബി 11, ബി 11b, ബി 11c, ബി 11d, ബി 11e ഷെഡ്യൂള ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും ഇ പ്രകാരം അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ 10 ഹെഡുകളിലായി ര ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള പല ആ ഡിപ്രിസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേ ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 1807422/- ആണെങ്ക ഡിപ്രിസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ കൂടുതലായി രേഖപ്പെടുത്തിയിരിക്കുന്നു. ആസ്തികളുടെ കാലപ്പഴക്കം വിശദാംശങ്ങളും തൻവർഷം വിവിധ ആസ്തികൾക്ക് സ കണക്കാക്കിയ പത്രികയും ലഭ്യമാക്കേണ്ടതുണ്ട്. ILGMS- സോഫ്റ്റ് ആസ്തികൾക്കും ഡിപ്രിസിയേഷൻ ഹെഡ് ഇല്ലാത്തതാണ് ഇതി അറിയിച്ചത. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള ഡിപ്രിസിയേഷന്റെ കൃത്യത ഉറപ്പുവരുത്തി അറിയിക്കേണ്ടതും വെയറിൽ മാറ്റം വരുത്തുന്നതിന് ഇൻഫോർമേഷൻ കേരള മിഷനു ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

9) ബാലൻസ് ഷീറ്റ് ലയബിലിറ്റിയിൽ (ഗ്രാന്റിനത്തിൽ) ബി-4 ഷെ വിവിധ അക്കൗണ്ട് ഹെഡുകളിലായി (320100145- 1422056/, -320100156- 66142/, 320000191-380000/-, 320200203-1032/-, 320300103-509863/-, 320300199-3 3000/-, 320700204-189617, 320700205-53356/-, 320700404-615000/-, 320700405-2 184662/-, 320800199-535146/-) മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ നിലനിൽക്കുന്നു. ഈ തുകകൾ ലഭിച്ച വർഷം തിരിച്ച് അറിയിക്കേ അതത ഫണ്ടുകളിൽ തിരിച്ചടയ്ക്കണ്ടവയുണ്ടെങ്കിൽ തുടർ നടപട വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതുമാണ്.

10. ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ അക്കൗണ്ട് ഹെഡുകളിലെ ഇതുമായി ബന്ധപ്പെട്ടുള്ള പ്രത്യേക ആവശ്യങ്ങൾക്ക് മാത്രമായുള്ള അക്കൗണ്ടുകളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. തു അറിയിക്കേണ്ടതാണ്.

11.വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമ ഡിമാന്റിലുണ്ടാവുന്ന വ്യതാസത്തിനനുസരിച്ചും സാംഖ്യയി

എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്ത
ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്റുറു
പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം സാംഖ
പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി
രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്. അക്രൂ ചെയ്യുന്ന വരവും
വരവിനനുസരിച്ച് വർഷാരംഭത്തിലും പിന്നീട് സമയാസമയങ്ങ
രേഖപ്പെടുത്തുന്നതിനും ബന്ധപ്പെട്ട രജിസ്റ്ററുകൾ
പൊരുത്തപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് അറിയിക്കേണ

അപാകതകൾക്ക് വിശദീകരണം അവശ്യപ്പെട്ട് നൽകിയ 26-2
എൻകെയറി നം.18ന് നൽകിയ മറുപടി പരിഗണിച്ച ശേഷ
നിർദ്ദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2022	22.07.2022

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	24810919
ഓഡിറ്റ് വർഷത്തെ വരവ്	117106310
ആകെ	141917229
ഓഡിറ്റ് വർഷത്തെ ചെലവ്	109936762
നീക്കിയിരിപ്പ്	31980467
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	27563
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1377275

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് പ്രകാരം വരവ്	ആകെ	ചെലവ്	ന യ
വികസന ഫണ്ട് (ജനറൽ)	0	28677247	28677247	27320648	
വികസന ഫണ്ട് (എസ്.സി.പി)	0	3557140	3557140	3352148	
വികസനഫണ്ട് (ടി.എസ്.പി)	0	1106054	1106054	1006143	
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	24675408	24675408	21184112	
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	9622955	9622955	3128742	
ധനകാര്യ കമ്മീഷൻ		15715251	15715251	6931567	

അവാർഡ് (Tied)					
ധനകാര്യ കമ്മീഷൻ അവാർഡ് (Untied)	0	6469377	6469377	5221509	
കേന്ദ്രാവിഷ്കൃതഫണ്ട്					
320100145 – ബഡ്സ് സ്കൂൾ	1262141	504615	1766756	344700	1
320100156 (RGPSA)	24077	-	24077	-	
320100181 – സാനിട്ടേഷൻ	66142	13525	79667	13525	
320100182 – ടോട്ടൽ സാനിട്ടേഷൻ	2115094	-	2115094	1248376	
320100191 - നിമർൽ പുരസ്കാരം	380000	-	380000	-	
320100196 ICDS	988615	840076	1828691	550000	1
320100197 സാക്ഷരത	5610	-	5610	-	
320100198 ശുചിത്വമീഷൻ	-	150000	150000	150000	
320100999 Other Liabilities	13070	130233	143303	107300	
സംസ്ഥാനാവിഷ്കൃത ഫണ്ട്					
320200203 ഫിഷറീസ് ഫണ്ട്	1032	-	1032	-	
320200399 ലൈഫ് -സംസ്ഥാന വിഹിതം	5514587	9168703	14683290	10313290	4
320300103 (PBIG)	2079863	-	2079863	1570000	
320300199 വിമുക്തി ഫണ്ട്	647186	34941	682127	294931	
320400101 NABARD	3000	0	3000	0	
320700204 –ബ്ലോക്ക് പഞ്ചായത്ത് വിഹിതം	581644	375634	957278	767661	
320700205 – ജില്ലാ പഞ്ചായത്ത് വിഹിതം	53356	-	53356	-	
320700404 –ബ്ലോക്ക് പഞ്ചായത്ത് വിഹിതം	615000	-	615000	-	
320700405 – ജില്ലാ പഞ്ചായത്ത് വിഹിതം	293402	-	293402	-	
320800101 ഗുണഭോക്തൃവിഹിതം	184462	553409	737871	553209	
320800199	535146	122500	657646	122500	

കുറിപ്പ്

1. വിവിധ ഫണ്ടുകളുടെ ജി ഒ പ്രൊജക്ട് തുകയും ക്യാപിറ്റൽ കോ തുകയും താഴെ ചേർക്കുന്നു.

ഫണ്ടിനം	ജി.ഒ. പ്രൊജക്ട് തുക	ക്യാപിറ്റൽ കോൺട്രിബ്യൂഷൻ
വികസന ഫണ്ട് (ജനറൽ)	2617494	2635964

വികസന ഫണ്ട് (എസ്.സി.പി)	1137714	0
വികസന ഫണ്ട് (ടി.എസ് .പി)	126857	56929
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	4581917
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	277740
ധനകാര്യ കമ്മീഷൻ അവാർഡ്-Untied	0	803153
ധനകാര്യ കമ്മീഷൻ അവാർഡ്-Tied		1193688

2. ട്രഷറിയിൽനിന്ന് ചെലവാകാതിരുന്ന ബില്ലുകൾ ക്യാൻസൽ ചെയ്ത ACR ചെലവും RP-7 വരവും പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	ക്യാൻസൽ ചെയ്യാതിരുന്ന ബിൽ തുക
വികസന ഫണ്ട് (ജനറൽ)	83,7
വികസന ഫണ്ട് (എസ്.സി.പി)	2,05,2
സംരക്ഷണ ഗ്രാന്റ് (നോൺറോഡ്)	2,85,6
ധനകാര്യ കമ്മീഷൻ അവാർഡ് (Tied)	7,35,0

3. തൻവർഷം അനുവദിച്ച ധനകാര്യ കമ്മീഷൻ അവാർഡ് ത അക്കൗണ്ടിൽ 78,14,595/- രൂപ നീക്കിയിരിപ്പുണ്ട്.

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	
248	167172899	176	92351779	60	72	

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരു
ഭരണചെലവുകൾ	99253	676062	775315	766281	9
ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്നത	0	30019329	30019329	30019329	
ആകെ	99253	30695391	30794644	30785610	9

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളു എണ്ണം
കർഷകതൊഴിലാളി പെൻഷൻ	1,50,95,200	897
വിധവാപെൻഷൻ	1,25,20,000	804
വാർദ്ധക്യകാലപെൻഷൻ	2,71,27,800	1796
വികലാംഗപെൻഷൻ	41,29,600	271
50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം	8,22,400	52

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രക ബാലൻസ് പരിശോധന 22.02.2023 തീയതിയിൽ സെക്രട്ടറിയുടെ നടത്തുകയുണ്ടായി. പരിശോധനയിൽ 11720/- രൂപ ക്യാഷ് ബാലൻസ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാ

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്ക പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.
2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്ക നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉ
4. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളു സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷം തോറും ഭീമമായ ത ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.
6. വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശ്ശികയായി നി പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയു ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോ ലഭ്യ തീ
പെർഫോമൻസ് ഓഡിറ്റ്	27.01.2020	01.10.2019 മുതൽ 31.12.2019 വരെ	27.01

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07.01.2014 മുതൽ 22.01.2014 വരെ	2006-07 മുതൽ 2012-13 വരെ	26.02	

1-11 വസ്തുനികുതി നിർണ്ണയം അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന സർചാർജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്തു 100 തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതു രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ ത വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയു 50 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവ

കെട്ടിട നം.	നികുതി നിലവിൽ വന്ന അർദ്ധവർഷം	വിസ്തൃതി (ച.മീ.)	നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി	
8/428/എ	2014 ആദ്യ പകുതി	107.95 ച. മീ	6477	5397.5	
7/103/എ	2015 ആദ്യ പകുതി	135 ച. മീ	8100	6750	

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിര നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി നം. 10/23-02-2023 മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വസ്തുനികുതി പുനർ നിർണ വിവരം അറിയിക്കേണ്ടതാണ്.

1-12 മൊബൈൽ ടവറിന്റെ വസ്തുനികുതി

പഞ്ചായത്ത് പരിധിയിലുള്ള എ.ടി.സി. ടെലികോം ഇൻഫ്രാ സ്ട്രക്ച കമ്പനിയുടെ മൊബൈൽ ടവറിന്റെ (കെട്ടിട നമ്പർ 03/ സോഫ്റ്റ്വെയറിലെ രേഖകൾ പ്രകാരം 2020 ആദ്യ അർദ്ധവ വസ്തുനികുതി കുടിശ്ശിക 44,337/-രൂപ ഉള്ളതായി കാണുന്നു. വസ്തുനി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യ എൻകുയറി നം. 7/23-02-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13 തൊഴിൽനികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തി മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്ക വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പരിധിയിൽപ്പെട്ടവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈ അറിയിക്കേണ്ടതാണ്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	കെട്ടിട നം	ജീവനക്കാരുടെ എണ്ണം	റീമാർ

1	ഫൈറ്റോമെഡ് റിസർച്ച് ഫൌണ്ടേഷൻ	04/3	05	ആദ്യപകു രണ്ടാംപക
2	ആർ.ജെ. അസോസിയേറ്റസ്	14/03/ സി	05	ആദ്യപകു രണ്ടാംപക
3	പുല്ലൻ ഗ്രാനൈറ്റസ്	07/103	03	ആദ്യപകു രണ്ടാംപക
4	ചുണ്ടാട്ട് വുഡ് ഇൻഡസ്ട്രീസ്	02/447	04	ആദ്യപകു രണ്ടാംപക
5	സൂര്യാ ബേക്കേഴ്സ്	08/28	05	ആദ്യപകു രണ്ടാംപക
6	ഫൈവ് സ്റ്റാർ എന്റർപ്രസ്സ്	15/272/ ബി	03	ആദ്യപകു രണ്ടാംപക
7	കൗമ എന്റർപ്രസ്സ്	12/131/ സി	03	ആദ്യപകു രണ്ടാംപക
8	റെഹോ ബോത്ത് ട്രേഡിങ്ങ്	10/14/ എ1	05	ആദ്യപകു രണ്ടാംപക
9	പ്രീമിയർ എന്റർപ്രസ്സ്	15/272/ എഫ്	03	ആദ്യപകു രണ്ടാംപക
10	ജിയോ ടെക എഞ്ചിനീയറിംഗ്	12/190	03	ആദ്യപകു രണ്ടാംപക

1-14 രസീത് ബുക്ക് ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 8ാം വാർഡിലെ വായനശാലയുടെ രസീത് പ്രകാരമുള്ള വരവ്, മറ്റ് രജിസ്റ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ ഉള്ളതായി ക

1) അംഗങ്ങളിൽ നിന്നും വരിസംഖ്യ ശേഖരിക്കുന്നതിനായി നൽക ബുക്കുകളുടെ സ്റ്റോക്ക് രജിസ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്ത ഉപയോഗിച്ച രസീതുകളുടെ വിവരം വ്യക്തമല്ല. 1 മുതൽ 5 വ ബുക്കുകൾ (3 ഒഴികെ) ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. വരി പ്രകാരം രസീത് ബുക്ക് നം.6ൽ നിന്ന് 47 രസീതുകൾ 01.09.2016 ശേഖരിച്ചതിനായി നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത രസീത് ബ തുകയുടെ ഒടുക്കൽ വിവരം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടി

2) വായനശാലയുടെ രസീത് കളക്ഷൻ രജിസ്റർ ഓഡിറ്റിനായി ഹാജ

3) ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4) 2016നു ശേഷം നാളിതുവരെയുള്ള യാതൊരു വിവര രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5) രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റർ ഓഡിറ്റിനായി ഹാജരാക

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 28.02.2023ൽ നൽകിയ 340 അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയത പരാമർശിച്ചിട്ടുള്ള രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേ

1-15 സാക്ഷരത പ്രേരക്കിന് ഓണറേറിയം

പഞ്ചായത്ത് പരിധിയിൽ വരുന്ന തുടർ വിദ്യാകേന്ദ്രത്തിലെ സാ മാരായ ശ്രീമതി കെ.ജെ. സാറാമ്മ, ശ്രീമതി ശ്രീജ തമ്പാൻ എന്നിവ 2020, ജനുവരി 2021, ഫെബ്രുവരി 2021 മാസങ്ങളിലെ ഓണറേറിയ പ്രകാരം തനതു ഫണ്ടിൽ നിന്നും നൽകിയതായി കാണുന്നു. വിശദാ ചേർക്കുന്നു

പേര്	തുക	വൌച്ചർ/ചെക്ക് നം

ശ്രീമതി കെ ജെ സാറാമ്മ	12,432	137257/13.04.21
ശ്രീമതി ശ്രീജ തമ്പാൻ	16,896	137258/13.04.21
ശ്രീമതി കെ ജെ സാറാമ്മ	5,624	137257/13.04.21
ശ്രീമതി ശ്രീജ തമ്പാൻ	8,832	137258/13.04.21

ഓണറേറിയത്തിനുള്ള സർക്കാർ വിഹിതം സാക്ഷരത മിഷന്റെ
എന്നിവ ലഭിക്കാതെ വരുമ്പോൾ ഓണറേറിയത്തിന് കുടിശ്ശിക ഉ
ആയതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമ
ആയത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക
തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്ത
ത.സ്വ.ഭ.വ/2021 ൽ പറയുന്നുണ്ട്. ആയത പ്രകാരം ഓണറേറിയം
തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവ
എൻകൃയറി (നം.6/23-02-2023) നൽകിയതിന മറുപടി ലഭ്യമാക്കിയില്
നൽകിയ തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 നായകൾക്ക് ലൈസൻസ്

വെറ്ററിനറി സർജന്റെ പ്രോജക്ട് - പേവിഷബാധ നിർമാർജനം, ന
36110/- രൂപ ചെലവഴിച്ച് 146 നായകൾക്ക് പേവിഷബാധയ്ക്ക് വാക്സിൻ
എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക
& User Charges – 140110109, ലൈസൻസ് ഫീ ഫോർ ഡോഗ്സ് എന്ന ഹെഡിര
മാത്രമാണ്. മേൽ പ്രോജക്ട് പ്രകാരം വാക്സിനേഷൻ നൽകിയ
ലൈസൻസ് നൽകിയിരുന്നു എങ്കിൽ 146 X 10 = 1460/- രൂപ
ഇനത്തിൽ വരവ് ഉണ്ടാകുമായിരുന്നു. മാത്രമല്ല ഗ്രാമപഞ്ചായത്തി
ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും ചെയ്യാമായിരുന്നു. എ
ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓ
നം.8/23-02-2023 നൽകിയതിന മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത
മുഴുവൻ നായ്ക്കളെയും ലൈസൻസ് പരിധിയിൽ
ശ്രദ്ധിക്കേണ്ടതാണ്.

1-17 ചെലവ് രേഖകൾ ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പ
മഴക്കാലപൂർവ്വ ശുചീകരണത്തിനായി ചെക്ക്/വൌച്ചർ നം.745820 ര
പ്രകാരം ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും ലഭിക്കേണ്ടതായ 150
വാർഡുകളിലെയും വാർഡ് തല സാനിട്ടേഷൻ സമിതികളിലേക്ക്
നിന്നും കൈമാറിയതായി കാണുന്നു. മഴക്കാലപൂർവ്വ ശുചീകരണ
ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭ്യമാകുവാൻ കാലതാമസം
പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സർ
[സ.ഉ (സാധാ)നം.923/2019/തസ്വഭവ തീയതി 2.5.2019] നൽകിയിട്ടു
വാർഡുകളിലെയും മഴക്കാലപൂർവ്വ ശുചീകരണത്തിന് ആവശ്യമാ
ചെയ്യുന്നതിനു വേണ്ടിയാണ് കൈമാറിയിട്ടുള്ളത. ഇതിന്റെ
പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകൃയറ
നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയ
പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 150000/- രൂപ തടസ്സപ്പെടുത്തു

1-18 വാഹന സൂക്ഷിപ്പ്

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.06.2007 ലെ സർക്കാർ ഉത്തര
170/2007 പ്രകാരം വാഹനങ്ങളുടെ റിപ്പയറിംങ് & മെയിന്റനന്റ
നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ്
41/2008/ധന തീയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടു
പഞ്ചായത്ത ഔദ്യോഗിക വാഹനമായ KL-40-G-8752 നമ്പർ
റിപ്പയറിങ്ങുമായി ബന്ധപ്പെട്ട് ചെക്ക് നം. 137272 തീയതി 7/5/21,
തീയതി 7/7/21, എന്നിവ പ്രകാരം 11.606/-രൂപയും, തനതുഫ
ചെലവഴിച്ചതായി കാണുന്നു. പ്രതീക്ഷിത ചെലവ് 10,000/- രൂപക്ക് മു

ചെലവുകളും മത്സരാധിഷ്ഠിത കൃട്ടേഷൻ മുഖേന മാത്രം
പ്രവൃത്തിയുടെ പ്രതീക്ഷിത ചെലവ് എഞ്ചിനീയർ കണക്കാക്കേ
അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷ
വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനക
കമ്മിറ്റിക്ക നൽകേണ്ടതാണ്. ഇന്ധന ഉപഭോഗത്തെ സംബന്ധിച്ച
ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം
രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്, ആറു മാസ
വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി
ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്, പരിശോധനയ്
ലോഗ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത വാഹനത്തിന്റെ ഫ്യുവൽ
ടെസ്റ്റ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ പുക
ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പ
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട ഓഡ
നം. 29/27-02-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
റിപ്പയറിംങ് /പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ
പാലിക്കേണ്ടതാണ്.

1-19 പൊതുടാപ്പുകളുടെ വെള്ളക്കരം

പഞ്ചായത്തിലെ 158 പൊതുടാപ്പുകൾക്ക് പ്രതിമാസം ₹72588/- വീ
ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നുണ്ട്. വാട്ടർ
3/2022 ലെ ഡിമാന്റ് പ്രകാരം കുടിശ്ശിക ഇനത്തിൽ അടയ്ക്കാ
രേഖപ്പെടുത്തിയിട്ടുള്ളത് ₹4,77,41,547/- രൂപയാണ്. 4/21 ലെ വാട്ടർ
ഡിമാന്റ് പ്രകാരം കുടിശ്ശിക ഇനത്തിൽ അടയ്ക്കാനുള്ള
രേഖപ്പെടുത്തിയിരുന്നത് ₹3,85,55,198/- രൂപയാണ്. ഒരു സാമ്പത്തി
പിഴതുകയിനത്തിലുള്ള വർദ്ധനവ് ഏകദേശം ₹91,86,349/- രൂപയ
ഇനത്തിൽ അടയ്ക്കാനുള്ള തുക അടവാക്കിയിട്ടില്ലാത്തതിനാൽ
കുടിശ്ശിക വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. പ്രസ്തുത കു
കാലയളവുകളിലായി വന്നിരിക്കുന്ന തുകയാണെന്നും, യഥാർത്ഥ
തുക അടവാക്കാനുണ്ടോയെന്നും വാട്ടർ അതോറിറ്റിയോട് ആരായു
ഡിഡക്ഷനിലൂടെ വാട്ടർ അതോറിറ്റിയ്ക്ക നൽകുന്ന തുക
തട്ടിക്കിഴിക്കുന്നുണ്ടോ എന്നും വ്യക്തത വരുത്തേണ്ടതാണ
ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അ
അറിയിക്കേണ്ടതാണ്. തനത് വരുമാനം വളരെ കുറഞ്ഞ ഗ്രാമപഞ്ചാ
ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകയുടെ നല്ലൊരു ഭാഗം വാട്ടർ
അടയ്ക്കണ്ടി വരുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥ
ബാധിക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഒറ്റത്തവ
പദ്ധതി പ്രകാരം കുടിവെള്ളക്കരം കുറയ്ക്കുന്നതിനുള്ള
സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കണമെന്നാവശ്യപ്പെട്ട ഓഡ
(നം.9/23-02-2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ
ഒഴിവാക്കുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിലേ
ശ്രദ്ധ ക്ഷണിക്കുന്നു.

1-20 ഓഫീസിലെ ഹാൾ നവീകരണം

ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഹാൾ നവീകരണവുമായി ബന്ധ
ഉപകരണങ്ങൾ സപ്ലൈ ചെയ്ത വകയിൽ ബ്രൈറ്റ് & ലൈറ്റ് ഇലട്രിക്കൽ
എന്ന സ്ഥാപനത്തിന്റെ ബിൽ നം.09 തീയതി 24/04/2020 പ്രകാരമുള്ള
26,107/- രൂപ തനതുഫണ്ട് ചെക്ക് നം. 137327 തീയതി 09/07/2021 മ
എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന ഉദ്ഘാടന
നവീകരിച്ച ഹാളിന്റെ ഉദ്ഘാടനം 28/12/2019ന് എന്ന് രേഖപ്പെടുത്
28/12/2019ന് നവീകരിച്ച ഹാളിലേക്ക് ബ്രൈറ്റ് & ലൈറ്റ് ഇലട്രിക്കൽ
എന്ന സ്ഥാപനത്തിന്റെ 24/04/2020ലെ ബിൽ പ്രകാരമുള്ള
വർഷത്തിനുശേഷം 09/07/2021ന് തുക അനുവദിക്കാനുണ്ട
അറിയിക്കണമെന്നും ബിൽ നം. 09 തീയതി 24/04/2020 പ്രകാരം ഒ

ഇലട്രിക്കൽസ്, കൊമ്പനാട് എന്ന സ്ഥാപനം സപ്ലൈചെയ്ത ഇലക്ട്രിക
(11nos 15w LED, 10nos 8w LED, 05nos LED Tube, 05nos LED Bulbe, 03nos MC
എവിടെയെല്ലാമാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് വ്യക്ത
മേൽപ്പറഞ്ഞവയ്ക്ക് വിശദീകരണം ആരാഞ്ഞും, സാധനങ്ങൾ സ്റ്റേ
ചേർത്തിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ആരാഞ്ഞും എൻകമ്പയറി
നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിശ
രേഖകൾ സഹിതം ലഭ്യമാക്കുന്നതുവരെ 26,107/- രൂപ തടസ്സപ്പെടുത്തു

1-21 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - അപാകതകൾ.

പ്രോജക്ട് നം. പേര്	S0040/22,തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ
അടങ്കൽ,ഫണ്ട്	25000/- (വികസന ഫണ്ട്-)
ബിൽ/തീയതി/ ചെലവ്	21120752007001206397 / 25.02.2022 / ₹25,050
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മിസ്ട്രസ്സ്, ഗവൺമെന്റ് എൽ.പി സ്ക്കൂൾ, മേയ്ക്കപ്പാല

പത്താംതരം, പ്ലസ് വൺ ഹയർസെക്കന്ഡറി തുല്യതാ പരീക്ഷ
ചെയ്യുന്ന പഠിതാക്കളുടെ കോഴ്സ് ഫീസ് അടക്കുന്നതിനായ
പ്രോജക്ടാണിത്. 3 പത്താംതരം പഠിതാക്കളുടെ കോഴ്സ് ഫീസായി 5250/-
2 ഒന്നാം വർഷ (പ്ലസ് വൺ) പഠിതാക്കളുടെ കോഴ്സ് ഫീസായി (2x2200)
പ്ലസ്സ് ടു (7x2200) പഠിതാക്കളുടെ കോഴ്സ് ഫീസായി 15400 രൂപയും ഉൾപ്പെ
രൂപ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 57
അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്. സാമൂഹിക-സാമ്പത്തിക
ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയവർക്ക്
അവസരം ഒരുക്കുകയും, തുല്യതാ പരീക്ഷക്ക് അവരെ പ്രാപ്തരാക്ക
എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ മേൽ വിദ്യാർത്ഥികള
അടച്ച പത്താംതരം, ഹയർസെക്കന്ഡറി പഠിതാക്കളുടെ പര
രജിസ്ട്രേഷൻ ഫീസും പദ്ധതിയിൽ നിന്നും അടച്ചിട്ടില്ലാ
വിദ്യാർത്ഥികൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകളും ഹാജരാക്ക

കൂടാതെ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലേക്ക് രജിസ്
കോഴ്സ് ഫീസും അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടില്ല. പ്രോജക്
നിർവ്വഹണോദ്യോഗസ്ഥന്റെ മോണിറ്ററിംങ് റിപ്പോർട്ട് ഫയ
പഠിതാക്കളുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ ഫയലിൽ
പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട
ലെ 140ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയി
മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ഹാജരാക്കുന്നത വരെ ഈ
ചെലവഴിച്ച രൂപ 25,050/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് നം. , പേര്	14/22, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ,ഫണ്ട്	300000,ഇമെയിന്റനൻസ് ഗ്രാ (നോൺറോഡ്)
ബിൽ നം./ തീയതി / ചെലവ്	21120752094007412 78 / 03.12.202 3,00,000/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത

ഗ്രാമപഞ്ചായത്തിലെ വേങ്ങൂർ ആയുഷ് പി.എച്ച്.സി ഡിസ്പെൻസറിക്കായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥ വാങ്ങുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ (നോൺറോഡ്) നി പ്രകാരം 3,00,000/- രൂപ ദി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക കോ-ഓപ്പ ലിമിറ്റഡ്, പാതിരപ്പള്ളി, ആലപ്പുഴയ്ക്കു നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാ 25.11.2022ൽ എൽ.എഫ്.1136 ടാക്സ് ഇൻവോയ്സ് പ്രകാരം 1,78,157/- സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഇനിയും ലഭിക്കുവാനുള്ള 1,21,843/- ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ 30ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും മരുന്ന് ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ 1,21,843/- രൂപയു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 കന്നുകുട്ടി പരിപാലനം - തുക തിരികെ ലഭിച്ചിട്ടില്ല..

1)

പ്രോജക്ട് നം., / പേര്	291/22, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി,
അടങ്കൽ/ഫണ്ട്	6,25,000/-,വികസന ഫണ്ട് (പൊതുവിഭാഗം) 6,25,000/- സംസ്ഥാനാവിഷ്കൃതം
ബിൽ നം./തീയതി/ ചെലവ്	21120752007301163188 / 21.02.2022 / ₹6,25,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ, വേങ്ങൂർ ഗ്രാമപഞ്ചായത്ത്

2)

പ്രോജക്ട് നം,പേര്	25/22,കന്നുകുട്ടി പരിപാലന പദ്ധത
അടങ്കൽ,ഫണ്ട്	6,25,000/-,വികസന ഫണ്ട് (പൊതുവിഭാഗം) 6,25,000/- ഗുണഭോക്തൃവിഹിതം
ബിൽ നം/തീയതി/ ചെലവ്	21120752007301169182/19.02.2022 / ₹6,25,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ, വേങ്ങൂർ ഗ്രാമപഞ്ചായത്ത്

വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ 4-6 മാസം പ്രായമായ സംരക്ഷിക്കുന്നതിന്, മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകു പദ്ധതിയ്ക്കായി പദ്ധതി വിഹിതം കൈമാറുന്നതിന് വേണ്ടി ആവിഷ്ക പ്രോജക്ട്. 4-6 മാസം പ്രായമുള്ള കന്നുകുട്ടികളുടെ ഉടമസ്ഥരായ ഗു ഗ്രാമസഭ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. 4 മാസം മുതൽ വരെയോ അല്ലെങ്കിൽ 32 മാസം പ്രായമാകുന്നതു വരെയോ (ഏ അതുവരെ) ആണ് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ഗുണഭോക്താവിന് 6,250/-രൂപ ഗ്രാമപഞ്ചായത്ത് വിഹിത മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതവുമാണ് (ഒരാൾക്ക് ആകെ മേൽ പദ്ധതികൾ പ്രകാരം യഥാക്രമം 100, 50 ഗുണഭോക്താക്കൾക്ക് സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. മേൽ ബി യഥാക്രമം 6,25,000/- രൂപ വീതം പിൻവലിച്ച് പ്രോജക്ട് ഓഫീസർ, ആലുവ-യുടെ അക്കൗണ്ടിലേക്ക് (79901140000312) ട്രാൻസ്ഫർ ക്രെഡ ഐ.സി.ഡി.പി. പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റിയത പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

യഥാക്രമം 22.02.2022, 27.02.2022 എന്നീ തീയതികളിൽ ആരംഭിച്ച നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് പരിശോധിച്ചതിൽ കാല രജിസ്റ്റർ പ്രകാരം 10 ഗുണഭോക്താക്കൾ മാത്രമേ താഴെപ്പറയും പ്രക വാങ്ങിയിട്ടുള്ളൂ. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

1)

ക്രമ നം	ഗുണഭോക്താവിന്റെ പേര്	കാലിത്തീറ്റയ്ക്ക് നല്കിയ തുക	കാലിത്തീ വാങ്ങിയ തുക
1	ശ്രീമതി.സിസി മത്തായി തൊമ്പപ്പുത്തൻപുര	6250	1753
2	ശ്രീമതി.മേരി എൽദോ കാക്കത്തോടൻ	6250	4465
3	ശ്രീമതി.സുശീല ശശി	6250	3787
4	ശ്രീ.സുരേന്ദ്രൻ.സി.ആർ ചാത്തൻകുടി	6250	5143
5	ശ്രീ.പി.കെ.മാത്യൂ.പുല്ലങ്കൽ	6250	5143
6	ശ്രീ. സിജോ ജോസഫ് ഒരവലക്കുടി, അരുവപ്പാറ	6250	3787
7	ശ്രീ. കുഞ്ഞുമോൻ. വി.എ. കളപ്പുരക്കുടി	6250	1753
8	ശ്രീമതി. ലീല ശിവൻ മാടത്തിക്കുടി, കൈപ്പള്ളി	6250	5143
9	ശ്രീ. ജോസ്.എ,വി അതിരമ്പുഴ,കൊമ്പനാട്	6250	4690
10	ശ്രീമതി. സിനി സുനിൽ നാറക്കുത്ത് കുടി, കൊമ്പനാട	6250	5368
	ആകെ	62500	41032

2)

ക്രമ നം	ഗുണഭോക്തൃവിന്റെ പേര്	കാലിത്തീറ്റയ്ക്ക് നല്കിയ തുക	കാലിത്തീറ്റ വാങ്ങിയ തുക	ഇ
1	ശ്രീമതി.സാറക്കുട്ടി വർഗ്ഗീസ് പുത്തൻകുടി	6250	5143	11
2	ശ്രീമതി.മേരി എൽദോ കാക്കത്തോടൻ	6250	2431	38
	ആകെ	12500	7574	49

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ പദ്ധതിയിൽ നി കാലിത്തീറ്റ വാങ്ങിയിട്ടില്ല. ആയതിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 24.02.2023ൽ നല്കിയ 110

അന്വേഷണക്കുറിപ്പിന് പ്രോജക്ട് ഓഫീസർക്ക് തുക നല്കിയ
ഹാജരാക്കുകയും പ്രോജക്ട് ഓഫീസറിൽ നിന്നും ലഭ്യമാക്കു
ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറു
ആയതിനാൽ പദ്ധതി അവസാനിക്കുന്ന കാലയളവിൽ പ്രോ
ഐ.സി.ഡി.പി., ആലുവ-യിൽ നിന്ന് ലഭിക്കുവാനുള്ള 26,394/- രൂ
തിരികെ ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ
അടവാക്കിയതിന്റെ വിവരം രസീത് സഹിതം ബന്ധപ്പെട്ട
സാക്ഷ്യപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരി കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്ര
സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട
കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലാ
അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാ
സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ
25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പ
ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ
(കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.
നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ)
സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ
അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധ
പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതി
0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ട
നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന
പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നി
ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ

ക്രമ നം.	പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി.	കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി	പ്രവൃത്തി പൂർത്തീകരിച്ച തീയതി.	ഇ ണ
1	ഇടത്തുരുത്ത് ഇളമ്പിള്ളിച്ചാൽ റോഡ് റീ ടാറിംഗ് (59/20) സോജൻ എൻ. ജോർജ്ജ് പി.എ.സി - 330329/- പ്രവൃത്തിമൂല്യം - 368972/- ബിൽ നം. 07219/29.7.21	23.12.2019 6 മാസം 22.6.2020 (22.12.21 – 6 മാസം അധികം)	29.3.2021	
2	നെടുങ്ങപ്ര ഇളമ്പിള്ളിച്ചാൽ റോഡ് റീ ടാറിംഗ് (58/20) സോജൻ എൻ.ജോർജ്ജ് പി.എ.സി - 1274060/-	01.01.2020 6 മാസം 30.6.2020 (31.12.2020 – 6 മാസം അധികം)	12.04.2021	

	പ്രവൃത്തിമൂല്യം - 1357918/- ബിൽ നം. 07216/29.7.21			
	ആകെ			

കോവിഡ് കാലയളവിൽ ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്
പൂർത്തീകരണ കാലയളവ് പിഴ കൂടാതെ 6 മാസം വരെ നീട്ടി നൽ
നം. 1444/21/തസ്വഭവ. തീ.31.7.21) ആയതിനാൽ ടി പ്രവൃത്തിക
മാസത്തിൽ അധികരിച്ചുള്ള കാലതാമസത്തിന് 2012 ലെ പി.ഡ
സെക്ഷൻ 2112-1, 2116-1 പ്രകാരം വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ
ഓഡിറ്റിൽ വിവരം അറിയിക്കുവാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ്
(നം.28/21-22) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കോഴി
കൊമ്പനാട് കനാൽ ബണ്ട് റോഡ് റീ ടാറിംഗ് (ക്രമ നം.1) എന്ന
സൈറ്റിൽ മൈനർ ഇറിഗേഷനറെ
പൂർത്തീകരിക്കേണ്ടിയിരുന്നതിനാലാണ് കൂടുതൽ സമയം ആവശ്യ
അറിയിച്ചിട്ടുള്ളതാനാൽ മറുപടി അംഗീകരിച്ച് പ്രസ്തുത പ്രവൃത്തി
നിന്നും ഒഴിവാക്കുന്നു. ശേഷിച്ച 49406/- രൂപ കരാറുകാരനിൽ നി
ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

1)

പ്രോജക്ട് നം ,പേര്	എസ് 0002/21-22, ഐ.കെ.എം.വിഹിതം
അടങ്കൽ ,ഫണ്ട്	₹ 120000/- ,വികസന ഫണ്ട്(പൊതുവിഭാഗം)
ബിൽ നം ,തീയതി, തുക	21120752079400464862,29.09.21, ₹120000/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി,വേങ്ങൂർ ഗ്രാമപഞ്ചായത്ത്

2)

പ്രോജക്ട് നം ,പേര്	എസ് 0078/21-22, കുട്ടികൾക്കുള്ള ജില്ല വെബ് പോർട്ടൽ
അടങ്കൽ ,ഫണ്ട്	₹ 12500/-, വികസന ഫണ്ട് (പൊതുവിഭാഗം)
ബിൽ നം ,തീയതി, തുക	21120752079400125584,05.03.2022 , ₹12500/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി,വേങ്ങൂർ ഗ്രാമപഞ്ചായത്ത്

3)

പ്രോജക്ട് നം ,പേര്	എസ് 0329/21-22, സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ സ്ഥാപിക്കൽ
അടങ്കൽ ,ഫണ്ട്	₹ 25016, വികസന ഫണ്ട് (പൊതുവിഭാഗം)
ബിൽ നം ,തീയതി, തുക	21120752079401489496, 27.03.2022 , ₹25016/-

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി,വേങ്ങൂർ ഗ്രാമപഞ്ചായത്ത

4)

പ്രോജക്ട് നം ,പേര്	എസ് 321/21-22, വാർഡ് 4-പാണിയേലി പോസ്റ്റ് ഓഫീസ്-എരപ്പക്കുൽ റോഡ് കോൺക്രീറ്റിംങ്
അടങ്കൽ ,ഫണ്ട്	₹ 480000/-,വികസന ഫണ്ട് (പൊതുവിഭാഗം)
ബിൽ നം ,തീയതി, തുക	21120752079401489491O 27.03.2022 , ₹480000/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി,വേങ്ങൂർ ഗ്രാമപഞ്ചായത്ത

മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾക്കായി (120000+ 12500 +25016+480(വിവിധ ഏജൻസികൾക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്ത ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാ 27.02.2023ൽ നല്കിയ 21ാം നമ്പർ ഓഡിറ്റ് അന്വേഷണക്കു ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 6,(ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത വരെ പ്രസ്തുത ര തടസ്സപ്പെടുത്തുന്നു.

1-26 ജൈവകൃഷി വികസനം - വളം വാങ്ങൽ - അധിക തു അനുവദിച്ചു

പ്രോജക്ട് നം. ,പേര്	എസ് 0072/22, ജൈവകൃഷി വികസനം
